നമ്പർ. സി.പി(2)49631/2006.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 22.1.2007.

## സർക്കുലർ നമ്പർ. 4/2007

വിഷയം: സഹകരണ വകുപ്പ് – പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ/ സർവീസ് സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന കാർഷിക വായ്പ – സംബന്ധിച്ച്.

സൂചന: സഹകരണസംഘം രജിസ്ട്രാറുടെ 23/92, 34/04 നമ്പർ സർക്കുലറുകൾ.

.....

സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ/ സർവീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന കാർഷിക വായ്പാ കൂടുതൽ വിതരണം ചെയ്യുന്നത് സംബന്ധിച്ച് സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ചില പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, കാർഷിക വായ്പ വിതരണം ചെയ്യുന്നതിൽ കാണിക്കുന്ന ഉദാസീനത ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നല്ലൊരു വിഭാഗം ജനതയും കാർഷിക മേഖലയെ ആശ്രയിച്ചുകഴിയുന്ന കേരളത്തിൽ, സംസ്ഥാനത്തിന്റെ വികസനത്തിനും പുരോഗതിക്കും വേണ്ടി കാർഷിക മേഖലയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിന് ആവശ്യമായ സാമ്പത്തിക സഹായം, കർഷകർക്ക് നൽകുക എന്നുള്ളതാണ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടേയും ബാങ്കുകളുടേയും പ്രധാന ഉദ്ദേശം. എന്നാൽ ഈ സംഘങ്ങൾ/ ബാങ്കുകൾ ലക്ഷ്യം മറന്നുകൊണ്ട് മറ്റുകാർഷികേതര പ്രവർത്തനങ്ങൾ നടത്തുന്നതിലാണ് കൂടുതൽ ശുഷ്കാന്തി കാണിക്കുന്നത്. ഓരോ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും വിതരണം ചെയ്യുന്ന മൊത്തം വായ്പയുടെ 25%ൽ കുറയാത്ത തുക കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന് സൂചനയിൽ നിഷ്കർഷിച്ചിരുന്നുവെങ്കിലും, ടി പരിധി വർദ്ധിപ്പിച്ച് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ പ്രാഥമിക സർവീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പകളായി വിതരണം ചെയ്യുന്നതിന് ഓരോ ബാങ്ക് ഭരണസമിതികളും പ്രത്യേക ലക്ഷ്യം നിശ്ചയിച്ച്, സംസ്ഥാനത്തിന്റെ കാർഷിക ഉൽപാദനത്തെയും, കാർഷിക വായ്പാ വിതരണവും കൂട്ടണമെന്നും, ഇതിനായി പുതിയ പദ്ധതികൾ/പ്രവർത്തനങ്ങൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്

വി. രഘുനാഥ്

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്)

പകർപ്പ്:
1. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) ജോയിന്റ് രജിസ്ട്രാർ മുഖേന.
3. എല്ലാ പ്രാഥമിക സർവീസ് സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
4. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
5. സഹകരണ വീഥി
6. സ്റ്റോക്ക് ഫയൽ
7. സ്പെയർ

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

ബി/24/4/2007